# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 525** **26.04.2017-ൽ മറുപടിക്ക്**

## ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന വഴി പുതിയ സേവനങ്ങൾ

| | ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന വഴി നൽകാൻ ഉദ്ദേശിച്ചിട്ടുള്ള പുതിയ സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | ഗ്രാമീണ മേഖലയിൽ 98,000 ബി.പി.എൽ. കണക്ഷനുകൾ ഉൾപ്പെടെ 161,000 ഗാർഹിക കണക്ഷനുകൾ അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെ നൽകുവാനും 14 ജില്ലകളിലെയും പാർലമെന്റംഗങ്ങൾ തെരഞ്ഞെടുത്ത വില്ലേജുകളിൽ സൻസദ് ആദർശ് ഗ്രാമ യോജന (SAGY) പ്രകാരം വിവിധ പ്രവൃത്തികൾ നടത്തുവാനും, ഗ്രാമ പ്രദേശങ്ങളിലലെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 33 കെ.വി. സബ്സ്റ്റേഷൻ ഉൾപ്പടെയുള്ള വിവിധ പ്രവൃത്തികളും വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കേടായ മീറ്ററുകൾ, ഇലക്ട്രോ മെക്കാനിക്കൽ മീറ്റുകൾ എന്നിവ മാറ്റി വയ്ക്കുന്ന പ്രവൃത്തികളും ഉദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മേഖലകളിലാണ് ഇതിന്റെ സേവനം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഗ്രാമീണ മേഖലയിലെ ഗാർഹിക ഉപഭോക്താക്കൾക്കാണ് പ്രധാനമായും ഈ പദ്ധതിയുടെ സേവനം ലഭ്യമാകുന്നത്. |
| (സി) | 2017-18 ബഡ്ജറ്റിൽ ഇതിനായി നീക്കി വച്ചിട്ടുള്ള ഫണ്ടിനെക്കുറിച്ച് വിവരിക്കാമോ? | (സി) | 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന' (DDUGJY)-യ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.<br>കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിയ്ക്കായി 250/- കോടി രൂപ വകയിരുത്തിയിട്ടുണ്ട് |

Lemalelle

**സെക്ഷൻ ഓഫീസർ**